# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

12.03.2020-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2490

## ചെറുകിട കുടിവെള്ള പദ്ധതികൾക്കായുള്ള വാട്ടർ അതോറിറ്റി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.എം.ഉമ്മർ<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| വൻകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ, ചെറിയ തുക ചെലവഴിച്ച് കൊണ്ട് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ ആരംഭിക്കുവാൻ വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ? | വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിൽ അകാരണമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്നതല്ലാത്ത റോഡ് കട്ടിങ് അനുമതി, റെയിൽവേ ക്രോസിങ് അനുമതി, സ്ഥലം കൈമാറുന്നതിനുള്ള കാലതാമസം ധനലഭ്യതയുടെ അപര്യാപ്തത മുൻക്കൂട്ടി കാണാനാവാത്ത മറ്റ് തടസങ്ങൾ എന്നിവ മൂലമാണ് പ്രധാനമായും വൻകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത്.<br>ഒരു കുടിവെള്ള വിതരണ പദ്ധതിക്ക് പ്രധാനമായും ആവശ്യമായ ശാശ്വത സ്രോതസ് അടിസ്ഥാനമാക്കി പദ്ധതികൾ രൂപകൽപന ചെയുമ്പോൾ പലപ്പോഴും സമീപത്തു അത്തരം സ്രോതസ് കാണാത്തതിനാൽ സമീപ പ്രദേശങ്ങൾ കൂടി ചേർത്ത് വൻകിട പദ്ധതി ആസൂത്രണം ചെയ്യുന്നതാവും സാങ്കേതികമായി അഭികാമ്യം. |

സെക്ഷൻ ഓഫീസർ